കേരളത്തിലെ എല്ലാ പ്രദേശത്തും ഊർജ്ജ സംരക്ഷണ പ്രചരണങ്ങൾ നടത്തുന്നതിനുവേണ്ടി കെ.എസ്.ഇ.ബി.ലി. 'ഡിമാന്റ് സൈഡ് മാനേജ്മെന്റ് സെല്ലുകൾ' രൂപീകരിച്ച് പ്രവർത്തിക്കുന്നു.

ഊർജ്ജ മേഖലയിലെ പ്രസരണ-വിതരണ നഷ്ടം

19 (5823) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഊർജ്ജ മേഖലയിൽ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിൽ എന്തെല്ലാം നേട്ടങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് പ്രസരണ വിതരണ മേഖലയിൽ എടുത്തത് ;

(സി) നേട്ടങ്ങൾ കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തത് ?

ഉത്തരം

(എ-സി) സംസ്ഥാനത്തിന്റെ പ്രസരണ വിതരണ നഷ്ടം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 16.09 ശതമാനം ആയിരുന്നു. ഇത് 2013-14 ൽ 14.96 ശതമാനമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടുതൽ സബ്സ്റ്റേഷനുകൾ സ്ഥാപിച്ചും വിതരണ ലൈനുകൾ വലിച്ചും കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും കേടായ മീറ്ററുകൾ മാറ്റിയും വൈദ്യുതി മോഷണം തടയുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കിയുമാണ് പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന് സാധിച്ചത്. ഇതുവഴി 2011 മുതൽ 2013-14 വരെ ഏകദേശം 563 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങുന്നത് ഒഴിവാക്കി 197 കോടിയോളം രൂപ ലാഭിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

വൈദ്യുതി പ്രസരണ വിതരണ നഷ്ടത്തെ സാങ്കേതിക നഷ്ടം (Technical Loss) എന്നും വാണിജ്യ നഷ്ടം (Commercial Loss) എന്നും രണ്ടായി തരംതിരിച്ചിട്ടുണ്ട്. വൈദ്യുതി പ്രസരണ ലൈനുകളിലൂടെയും ട്രാൻഫോർമറുകളിൽ കൂടിയും വൈദ്യുതി പ്രവഹിക്കുമ്പോഴുണ്ടാകുന്ന നഷ്ടത്തെയാണ് സാങ്കേതിക നഷ്ടമായി (Technical Loss) കണക്കാക്കുന്നത്. ഇത് കുറയ്ക്കുന്നതിന് താഴെ പറയുന്ന നടപടികൾ നടപ്പിലാക്കി വരുന്നു.

1. എച്ച്.ടി ലൈനുകളും എൽ.ടി. ലൈനുകളും തമ്മിലുള്ള അനുപാതം ഘട്ടംഘട്ടമായി മെച്ചപ്പെടുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

2. 11 കെ.വി. 33 കെ.വി ശൃംഖലകൾ കൂടുതൽ ശക്തിപ്പെടുത്തുക.

3. കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

4. കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.

5. എൽ.ടി ലൈനിലും എച്ച്.ടി ലൈനിലുമുള്ള പഴയ കണ്ടക്ടറുകൾ മാറ്റി മെച്ചപ്പെട്ട ശേഷിയുള്ള പുതിയ കണ്ടക്ടറുകൾ സ്ഥാപിക്കുക.

6. സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

സാങ്കേതിക നഷ്ടം കുറയ്ക്കുന്നതിന് 2011-12 മുതൽ 2013-14 വരെ 446.84 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.റ്റി. ലൈനുകളും 28 സബ്സ്റ്റേഷനുകളും 7885 സർക്യൂട്ട് കിലോമീറ്റർ എച്ച്.ടി. ലൈനുകളും 9039 സർക്യൂട്ട് കിലോമീറ്റർ എൽ.റ്റി. ലൈനുകളും 9547 വിതരണ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്.

വൈദ്യുതി മോഷണവും, കേടായ എനർജി മീറ്ററുകൾ വൈദ്യുതി കൃത്യമായി രേഖപ്പെടുത്താത്തതും കാരണം യഥാർത്ഥ ഉപഭോഗം കണക്കാക്കാൻ കഴിയാറില്ല ടി കാരണങ്ങൾ കൊണ്ടുള്ള നഷ്ടത്തെയാണ് വാണിജ്യ നഷ്ടമായി (Commercial Loss) കണക്കാക്കുന്നത്. ഇത് കുറയ്ക്കുന്നതിന് താഴെപറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

- കേടായ എനർജി മീറ്ററുകളും ഇലക്ട്രോമെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.
- ബോർഡിലെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.
- ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നതും റവന്യൂകളക്ഷനും പൂർണ്ണമായി കമ്പ്യൂട്ടർവത്ക്കരിക്കുക.
- എനർജി ആഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

2011-14 കാലയളവുകളിൽ 30.1 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ വൈദ്യുതി മോഷണം നടത്തിയ വകയിൽ ഏകദേശം 42.9 കോടി രൂപയുടെ പിഴ ഈടാക്കിയിട്ടുണ്ട്.

പ്രസരണ വിതരണ വാണിജ്യ നഷ്ടം കുറച്ച് ഗുണമേൻമയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാനായി RAPDRP നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രസരണ വിതരണ വണിജ്യ നഷ്ടം കുറയ്ക്കുന്നതിനായി RAPDRP, KPIS എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു :

1. 11. കെ.വി. ലൈൻ നിർമ്മാണം.

2. 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കൽ.

3. പഴകിയ 11 കെ.വി ലൈൻ മാറ്റി പുതിയവ സ്ഥാപിക്കൽ.

4. വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.

5. പുതിയ എൽ.റ്റി ലൈൻ വലിക്കൽ.

6. പഴയ എൽ.റ്റി ലൈൻ മാറ്റി പുതിയവ വലിക്കൽ.

7. കേടായ/പഴയ മെക്കാനിക്കൽ മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കൽ.

കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പുരോഗതിയും അവയുടെ സമയബന്ധിത പൂർത്തീകരണവും കൃത്യമായി വിലയിരുത്തി നടപടി സ്വീകരിക്കുന്നു.

വൈദ്യുതി മേഖലയുടെ ആധുനികവത്ക്കരണം

20 (5824) ശ്രീ. കെ. അച്ചുതൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി മേഖലയിലെ സേവനങ്ങളുടെ ആധുനികവത്ക്കരണത്തിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത് ;

(ബി) ഇതുവഴി ഉപഭോക്താക്കൾക്ക് എന്തെല്ലാം സൗകര്യമാണ് ലഭിച്ചത് ;

(സി) നേട്ടങ്ങൾ കൈവരിക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തത് ?

LIBRARY ARCHIVES Kerala Legislative Assembly